**കേരള സർക്കാർ**

സംഗ്രഹം

---

മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിമാനയാത്ര — പരിഷ്കരിച്ച നിർദ്ദേശങ്ങൾ— ഉത്തരവാകുന്നു.

---

**ധനകാര്യ (രഹസ്യവിഭാഗം) വകുപ്പ്**

സ.ഉ.(പി.) നം. 88/2016/ധന | തിരുവനന്തപുരം, തീയതി: 21.06.2016

---

***പരാമർശം: 03.05.2014 തീയതിയിലെ സ.ഉ.(അ) നം.154/2014/ധന***

**ഉത്തരവ്**

എയർ ഇന്ത്യയുടെ വിമാനത്തിലെ ഫുൾഫെയർ ഇക്കണോമി ക്ലാസ് യാത്രാക്കൂലിക്ക് തുല്യമായ തുകയ്ക്ക് സ്വകാര്യ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ളവയുടെ വിമാനത്തിൽ ബിസിനസ് ക്ലാസിൽ യാത്ര ചെയ്യുന്നതിനായി മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവാദം നൽകി മേൽ പരാമർശം പ്രകാരം ഉത്തരവായിരുന്നു. ഭക്ഷണ-പാനിയങ്ങൾ, സീറ്റ് മുൻഗണന, ബാഗേജ് ഫസ്റ്റ് തുടങ്ങിയ സൗകര്യങ്ങൾക്കുൾപ്പെടെ ചെലവഴിക്കപ്പെടുന്ന തുക യാത്രാക്കൂലിയിനത്തിൽ ഉൾപ്പെടുത്താതെ ചില സ്വകാര്യ വിമാനക്കമ്പനികൾ ബിൽ ചെയ്യുന്നതിനാൽ മേൽ പ്രകാരമുള്ള ആനുകൂല്യം അനുഭവവേദ്യമായിരുന്നില്ല.

സർക്കാർ വസ്തുതകൾ വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, പരാമർശ ഉത്തരവിന് വിധേയമായി സ്വകാര്യ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ളവയുടെ വിമാനത്തിൽ ബിസിനസ് ക്ലാസിൽ യാത്ര ചെയ്യുന്ന മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് യാത്രാക്കൂലി, ഭക്ഷണ-പാനിയങ്ങൾ, സീറ്റ് മുൻഗണന, ബാഗേജ് ഫസ്റ്റ് തുടങ്ങിയവയ്ക്ക് ചെലവഴിക്കുന്ന ആകെ തുക, എയർ ഇന്ത്യയുടെ വിമാനത്തിൽ ഫുൾഫെയർ ഇക്കണോമി ക്ലാസിലെ അതാത് കാലത്തെ യാത്രാക്കൂലിക്ക് ചെലവാകുന്ന തുകയുടെ പരിധിയിൽകവിയാതെ ചെലവഴിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**ഡോ.കെ.എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ് എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് /ഓഫീസ് തലവൻമാർക്കും
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പ് തലവൻമാർക്കും സെക്ഷനുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം (ഉപരിപത്രം സഹിതം)
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും,
ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും,
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി,
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
നോഡൽ ഓഫീസർ, **www.finance.kerala.gov.in**
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ